ബൈബിൾ – ഖുർആൻ: ഒരു താരതമ്യപഠനം–19

# മൂസാ നബി

● ഇ.സി സൈമൺ മാസ്റ്റർ

**ഖുർആനിൽ** ഏറ്റവുമധികം പരാമർശിക്കപ്പെട്ടിട്ടുള്ള പ്രവാചകനാണ് മൂസാ നബി. ബൈബിൾ പഴയ നിയമത്തിലും ഏറെ പ്രാധാന്യപൂർവം പ്രതിപാദിക്കുന്നത് അദ്ദേഹത്തെപ്പറ്റിത്തന്നെ. ദൈവം അദ്ദേഹത്തെ പ്രവാചകനായി തെരഞ്ഞെടുത്തതിനെക്കുറിച്ച് ബൈബിൾ പറയുന്നു:

"മോശ(മൂസാനബി) തന്റെ ഭാര്യാപിതാവും മിദിയാനിലെ പുരോഹിതനുമായ ഇത്രോയുടെ ആടുകളെ മേയിച്ചു കഴിയുകയായിരുന്നു. അവൻ മരുഭൂമിയുടെ മറുഭാഗത്തേക്ക് ആടുകളെ നയിക്കവേ ദൈവത്തിന്റെ മലയായ ഹോറെബിൽ എത്തിച്ചേർന്നു. അവിടെ ഒരു മുൾപ്പടർപ്പിന്റെ മധ്യത്തിൽനിന്ന് ജ്വലിച്ചുയർന്ന അഗ്നിയിൽ ദൈവത്തിന്റെ ദൂതൻ അവനു പ്രത്യക്ഷപ്പെട്ടു. അവൻ ഉറ്റുനോക്കി. മുൾപ്പടർപ്പു കത്തിജ്ജ്വലിക്കുകയായിരുന്നു; എങ്കിലും അത് എരിഞ്ഞു ചാമ്പലായില്ല. അപ്പോൾ മോശ പറഞ്ഞു: ഈ മഹാദൃശ്യം ഞാൻ അടുത്തുചെന്ന് ഒന്നു കാണട്ടെ. മുൾപ്പടർപ്പ് എരിഞ്ഞു ചാമ്പലാകുന്നില്ലല്ലോ. അവൻ അതു കാണുന്നതിനു അടുത്തു ചെല്ലുന്നതു ദൈവം കണ്ടു. മുൾപ്പടർപ്പിന്റെ മധ്യത്തിൽനിന്ന് ദൈവം അവനെ വിളിച്ചു: മോശേ, മോശേ. അവൻ വിളികേട്ടു. ഇതാ ഞാൻ! അവിടുന്ന് അരുളിച്ചെയ്തു: അടുത്തു വരരുത്. നിന്റെ ചെരുപ്പ് അഴിച്ചുമാറ്റുക. എന്തുകൊണ്ടെന്നാൽ, നീ നിൽക്കുന്ന സ്ഥലം പരിശുദ്ധമാണ്. അവിടുന്നു തുടർന്നു: ഞാൻ നിന്റെ പിതാക്കന്മാരുടെ ദൈവമാണ്. അബ്രഹത്തിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും ദൈവം. മോശ മുഖം മറച്ചു. ദൈവത്തിന്റെ നേരെ നോക്കുവാൻ അവനു ഭയമായിരുന്നു.

ദൈവം വീണ്ടും അരുളിച്ചെയ്തു: ഈജിപ്തിലുള്ള എന്റെ ജനത്തിന്റെ ക്ലേശങ്ങൾ ഞാൻ കണ്ടു. മേൽനോട്ടക്കാരുടെ ക്രൂരത കാരണം അവരിൽനിന്ന് ഉയർന്നുവരുന്ന രോദനം ഞാൻ കേട്ടു. അവരുടെ യാതനകൾ ഞാൻ അറിയുന്നു. ഈജിപ്തുകാരുടെ കൈയിൽനിന്ന് അവരെ മോചിപ്പിക്കുക. അവിടെനിന്ന് ക്ഷേമകരവും വിസ്തൃതവും തേനും പാലും ഒഴുകുന്നതുമായ ഒരു ദേശത്തേക്ക് അവരെ നയിക്കാനുമാണ് ഞാൻ ഇറങ്ങിവന്നിരിക്കുന്നത്.

മോശ പറഞ്ഞു: 'അവർ എന്നെ വിശ്വസിക്കുകയില്ല. എന്റെ വാക്ക് കേൾക്കുകയുമില്ല. ദൈവം നിനക്ക് പ്രത്യക്ഷപ്പെട്ടില്ല എന്ന് അവർ പറയും.' യഹോവയായ ദൈവം അവനോട് ചോദിച്ചു: 'നിന്റെ കൈയിലിരിക്കുന്നത് എന്താണ്?' അവൻ പറഞ്ഞു: ഒരു വടി, അവിടുന്നു കൽപിച്ചു: അത് നിലത്തിടുക. അവൻ വടി നിലത്തിട്ടപ്പോൾ അത് സർപ്പമായിത്തീർന്നു. മോശ അതുകണ്ട് അകന്നുമാറി. ദൈവം അരുളിച്ചെയ്തു: കൈനീട്ടി അതിന്റെ വാലിൽ പിടിക്കുക. അവൻ കൈനീട്ടി അതിനെ പിടിച്ചപ്പോൾ അത് വീണ്ടും വടിയായിത്തീർന്നു. ഇത് തങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ ഫറോവ, അബ്രഹത്തിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും ദൈവം നിനക്ക് പ്രത്യക്ഷപ്പെട്ടുവെന്ന് അവർ വിശ്വസിക്കാൻ വേണ്ടിയാണ്. ദൈവം വീണ്ടും അരുളിച്ചെയ്തു: നിന്റെ കൈ മാറിടത്തിൽ വെക്കുക. അവൻ അപ്രകാരം ചെയ്തു. കൈ തിരിച്ചെടുത്തപ്പോൾ അത് മഞ്ഞുപോലെ വെളുത്ത് കുഷ്ഠമുള്ളതായി കാണപ്പെട്ടു. അവിടുന്ന് കൽപിച്ചു: കൈ വീണ്ടും മാറിടത്തിൽ വെക്കുക. അവൻ അപ്രകാരം ചെയ്തു. മാറിടത്തിൽനിന്ന് കൈ തിരിച്ചെടുത്തപ്പോൾ അത് പൂർവസ്ഥിതിയിലായി. ശരീരത്തിന്റെ മറ്റുഭാഗങ്ങൾ പോലെ കാണപ്പെട്ടു" (പുറപ്പാട് 3: 1–8, 4: 1–7).

അതിനെപ്പറ്റി ഖുർആൻ വിവരണം ഇങ്ങനെ:

" മൂസയുടെ കഥ നിനക്ക് വന്നെത്തിയോ? അദ്ദേഹം തീ കണ്ട സന്ദർഭം. അപ്പോൾ അദ്ദേഹം തന്റെ കുടുംബത്തോടു പറഞ്ഞു: 'ഇവിടെ നിൽക്കൂ. ഞാനിതാ തീ കാണുന്നു. അതിൽനിന്ന് ഞാനൽപം തീയെടുത്ത് നിങ്ങൾക്കായി കൊണ്ടുവരാം. അല്ലെങ്കിൽ അവിടെ വല്ല വഴികാട്ടിയെയും ഞാൻ കണ്ടെത്തിയേക്കാം.'

അങ്ങനെ അദ്ദേഹം അവിടെയെത്തിയപ്പോൾ ഒരു വിളികേട്ടു: 'മൂസാ,

നിശ്ചയം ഞാൻ നിന്റെ നാഥനാണ്. അതിനാൽ നീ നിന്റെ ചെരിപ്പ് അഴിച്ചുവയ്ക്കുക. തീർച്ചയായും നീയിപ്പോൾ വിശുദ്ധമായ ത്വുവാ താഴ്വരയിലാണ്.

'ഞാൻ നിന്നെ തെരഞ്ഞെടുത്തിരിക്കുന്നു. അതിനാൽ ബോധനമായി കിട്ടുന്നത് നന്നായി കേട്ടു മനസ്സിലാക്കുക.'

'മൂസാ, നിന്റെ വലതുകൈയിലെന്താണ്?' മൂസാ പറഞ്ഞു: 'ഇതെന്റെ വടിയാണ്. ഞാനിതിന്മേൽ ഊന്നി നടക്കുന്നു. ഞാനിതുകൊണ്ട് എന്റെ ആടുകൾക്ക് ഇല വീഴ്ത്തിക്കൊടുക്കുന്നു. ഇതുകൊണ്ട് എനിക്ക് വേറെയും ചില ആവശ്യങ്ങളുണ്ട്.' അല്ലാഹു കൽപിച്ചു: മൂസാ, നീ ആ വടി താഴെയിടൂ. അദ്ദേഹം അതു താഴെയിട്ടു. പെട്ടെന്നതാ അതൊരിഴയുന്ന പാമ്പായിത്തീരുന്നു. അല്ലാഹു പറഞ്ഞു. അതിനെ പിടിക്കൂ. പേടിക്കേണ്ട. നാമതിനെ പൂർവസ്ഥിതിയിലേക്കു തന്നെ തിരിച്ചുകൊണ്ടുവരും. നിന്റെ കൈ നീ കക്ഷത്തു ചേർത്തുവെക്കുക. അപ്പോഴത് ദോഷമേതുമില്ലാതെ വെളുത്തുതിളങ്ങുന്നതായി പുറത്തുവരും. ഇത് മറ്റൊരു ദൃഷ്ടാന്തമാണ്. നമ്മുടെ മഹത്തായ ചില ദൃഷ്ടാന്തങ്ങൾ നിന്നെ കാണിക്കാൻ വേണ്ടിയാണിത്.

നീയിനി ഫറവോന്റെ അടുത്തേക്ക് പോകൂ. അവൻ കടുത്ത ധിക്കാരിയായി ത്തീർന്നിരിക്കുന്നു" (20:9-13; 17-24).

ബൈബിൾ-ഖുർആൻ വിവരണങ്ങൾ തമ്മിൽ ഇവിടെ കാര്യമായ വ്യത്യാസങ്ങളില്ല. മൂസാ കണ്ട തീ, വൃക്ഷത്തെ ദഹിപ്പിച്ചു ചാമ്പലാക്കാത്ത തരത്തിലുള്ളതായിരുന്നു എന്ന് ഖുർആൻ പറയുന്നില്ലെന്നു മാത്രം.

മൂസാ നബി ഈജിപ്തിൽ കാണിച്ച ദൃഷ്ടാന്തങ്ങളിൽ ചിലതിനെപ്പറ്റി ഖുർആനിൽ പരാമർശിച്ചിട്ടില്ല. അതിലൊന്നാണ് മൂന്നു ദിവസം തുടർച്ചയായുണ്ടായ ഇരുട്ട്. ബൈബിളിൽ അതിനെപ്പറ്റി ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു:

"ദൈവം മോശയോടു പറഞ്ഞു: നിന്റെ കൈ ആകാശത്തേക്കു നീട്ടുക. ഈജിപ്തിൽ ഇരുട്ടുണ്ടാകട്ടെ; തൊട്ടറിയാവുന്ന ഇരുട്ട്. മോശ ആകാശത്തിലേക്ക് കൈ നീട്ടി. ഈജിപ്ത് മുഴുവൻ മൂന്നു ദിവസത്തേക്ക് കൂരിരുട്ട് വ്യാപിച്ചു. അവർക്കു പരസ്പരം കാണാനോ യഥേഷ്ടം നീങ്ങാനോ സാധിച്ചില്ല. എന്നാൽ ഇസ്രായേൽക്കാരുടെ വാസസ്ഥലങ്ങളിൽ വെളിച്ചമുണ്ടായിരുന്നു. അപ്പോൾ ഫറവോൻ മോശയെ വിളിച്ചു പറഞ്ഞു: 'പോയി നിങ്ങളുടെ കർത്താവിനെ ആരാധിച്ചുകൊള്ളുവിൻ. ആടുമാടുകൾ മാത്രം ഇവിടെ നിൽക്കട്ടെ. കുട്ടികളും നിങ്ങളോടുകൂടെ പോരട്ടെ.' അപ്പോൾ മോശ പറഞ്ഞു: 'ഞങ്ങളുടെ ദൈവമായ കർത്താവിനു സമർപ്പിക്കാനുള്ള ബലിവസ്തുക്കളും ഹോമദ്രവ്യങ്ങളും കൂടി നീ ഞങ്ങൾക്കു തരണം. ഞങ്ങളുടെ കന്നുകാലികളും ഞങ്ങളോടുകൂടെ പോരണം. ഒന്നുപോലും ഇവിടെ ശേഷിക്കാൻ പാടില്ല. ഞങ്ങളുടെ ദൈവമായ കർത്താവിന് അവയിൽനിന്ന് ബലിയർപ്പിക്കേണ്ടിവന്നേക്കാം. ദൈവത്തിന് എന്താണ് സമർപ്പിക്കേണ്ടതെന്ന് അവിടെ ചെന്നെത്തുംവരെ ഞങ്ങൾക്ക് അറിഞ്ഞുകൂടാ.' ദൈവം ഫറവോയെ കഠിനചിത്തനാക്കുകയാൽ അവൻ അവരെ വിട്ടയച്ചില്ല. ഫറോവ മോശയോടു പറഞ്ഞു: 'എന്റെ കൺമുമ്പിൽനിന്നും പോവുക. ഇനി എന്നെ കാണാതിരിക്കാൻ സൂക്ഷിച്ചുകൊള്ളുക. എന്നെ കാണുന്ന ദിവസം നീ മരിക്കും.' മോശ പറഞ്ഞു: നീ പറഞ്ഞതുപോലെയാകട്ടെ. ഞാൻ ഇനി നിന്നെ കാണുകയില്ല" (പുറപ്പാട് 10: 21-29).

ഖുർആൻ രേഖപ്പെടുത്താത്ത മറ്റൊരു ദൃഷ്ടാന്തം ബൈബിൾ പ്രാധാന്യപൂർവം എടുത്തു കാണിക്കുന്നത് ഈജിപ്തിലെ എല്ലാ ആദ്യപുത്രന്മാരുടെയും കൂട്ടമരണമാണ്. മൂസാ നബി ഈജിപ്തിൽ കാണിച്ച ഈ അവസാന ദൃഷ്ടാന്തത്തെപ്പറ്റിയുള്ള ബൈബിൾ വിവരണം ഇങ്ങനെ: "ദൈവം മോശയോട് അരുളിച്ചെയ്തു: ഞാൻ ഫറവോയുടെയും ഈജിപ്തിന്റെയും മേൽ ഒരു മഹാമാരികൂടി അയക്കും. അപ്പോൾ അവൻ നിങ്ങളെ പോകാൻ അനുവദിക്കും. അർധരാത്രിയിൽ ഞാൻ ഈജിപ്തിലൂടെ കടന്നുപോകും. സിംഹാസനത്തിൽ ഇരിക്കുന്ന ഫറവോ മുതൽ തിരികല്ലിൽ ജോലിചെയ്യുന്ന ദാസിവരെയുള്ള എല്ലാ ഈജിപ്തുകാരുടെയും ആദ്യജാതന്മാർ മരിക്കും. കന്നുകാലികളുടെ കടിഞ്ഞൂലുകളും ചാകും. ഇന്നുവരെ കേൾക്കാത്തതും ഇനി കേൾക്കാൻ ഇടയില്ലാത്തതുമായ ഒരു നിലവിളി ഈജിപ്തിൽനിന്നുയരും. എന്നാൽ ഇസ്രായേൽക്കാർക്കോ അവരുടെ മൃഗങ്ങൾക്കോ എതിരായ ഒരു പട്ടി പോലും ശബ്ദിക്കയില്ല. അപ്പോൾ ഫറോവയുടെ സേവകർ നിന്നെ സാഷ്ടാംഗം പ്രണമിച്ചു പറയും: "നീയും നിന്റെ കൂടെയുള്ള ജനങ്ങളും പൊയ്ക്കൊള്ളുക."

മോശ അവനോടു പറഞ്ഞു: "അപ്പോൾ ഞാൻ പുറപ്പെടും."

ഉഗ്ര കോപത്തോടെ മോശ ഇറങ്ങിപ്പോയി.

ദൈവം ഈജിപ്തിൽവെച്ച് മോശയോടു പറഞ്ഞു: ഈ മാസം പത്താംദിവസം ഓരോ കുടുംബവും ഒരാട്ടിൻ കുട്ടിയെ തെരഞ്ഞെടുക്കണം. കോലാടോ ചെമ്മരിയാടോ ആവാം. എന്നാൽ അത് കുറ്റമില്ലാത്തതും ഒരു വയസ്സുള്ളതുമായ മുട്ടാടായിരിക്കണം. ഈ മാസം പതിന്നാലാം ദിവസം സന്ധ്യക്ക് അതിനെ കൊല്ലണം. അതിന്റെ രക്തത്തിൽനിന്ന് കുറച്ചെടുത്ത് അതിനെ ഭക്ഷിക്കാൻ കൂടിയിരിക്കുന്ന വീടിന്റെ രണ്ടു കട്ടിളക്കാലുകളിലും മേൽപ്പടിയിലും പുരട്ടണം. മാംസം തീയിൽ ചുട്ട് പുളിപ്പില്ലാത്ത അപ്പവും കൂട്ടി ഭക്ഷിക്കണം. അരമുറുക്കി ചെരുപ്പു ധരിച്ചും വടികൈയിലേന്തി യാത്രക്കൊരുങ്ങിയും വേണം അതു ഭക്ഷിക്കാൻ. അത് കർത്താവിന്റെ പെസഹയാണ്.

അന്നുരാത്രി ഞാൻ ഈജിപ്തിലൂടെ കടന്നുപോകും. ഈജിപ്തിലെ മനുഷ്യരുടെയും മൃഗങ്ങളുടെയും ആദ്യജാതരെ ഞാൻ സംഹരിക്കും. കട്ടിളക്കാലിലെ രക്തം നിങ്ങൾ ആ വീട്ടിൽ താമസിക്കുന്നു എന്നതിന്റെ തെളിവായിരിക്കും. അതുകാണുമ്പോൾ ഞാൻ നിങ്ങളെ കടന്നുപോകും. ഞാൻ ഈജിപ്തിനെ പ്രഹരിക്കുമ്പോൾ ആ ശിക്ഷ നിങ്ങളെ ബാധിക്കുകയില്ല. ഈ ദിനം നിങ്ങൾക്ക് ഒരു സ്മരണാദിനമായിരിക്കട്ടെ. തലമുറതോറും കർത്താവിന്റെ തിരുനാളായി ഇത് നിങ്ങൾ ആചരിക്കണം. ഇതു നിങ്ങൾക്ക് എന്നേക്കുമുള്ള ഒരു കൽപ്പനയായിരിക്കും.

ദൈവം കൽപിച്ചതനുസരിച്ച് ഇസ്രായേൽക്കാൽ പെസഹാബലി അർപ്പിച്ചു. അന്നുരാത്രി കർത്താവിന്റെ സംഹാര ദൂതൻ ഈജിപ്തിലൂടെ കടന്നു പോയി. അവരുടെ ആദ്യപുത്രന്മാർ സംഹരിക്കപ്പെട്ടു. എന്നാൽ കട്ടിളപ്പടിയിലെ രക്തം കണ്ട് ദൈവം ഇസ്രായേൽക്കാരെ ഒഴിവാക്കി കടന്നുപോയി. ജനം ദൈവത്തെ ആരാധിച്ചു.

സിംഹാസനത്തിലിരുന്ന ഫറവോ മുതൽ കാരാഗൃഹത്തിൽ കഴിഞ്ഞിരുന്ന തടവുകാരൻ വരെ എല്ലാവരുടെയും ആദ്യപുത്രന്മാർ ആ രാത്രി വധിക്കപ്പെട്ടു. ഈജിപ്തിൽനിന്ന് വലിയ നിലവിളി ഉയർന്നു. ഒരാളെങ്കിലും മരിക്കാത്ത ഒരു വീടും അവിടെ ഉണ്ടായിരുന്നില്ല. രാത്രിയിൽതന്നെ മോശയെയും അഹറോനെയും വിളിച്ച് ഫറവോ പറഞ്ഞു: നിങ്ങൾ എന്റെ ജനത്തിന്റെ ഇടയിൽനിന്ന് പോകുവീൻ. നിങ്ങളും ഇസ്രായേൽക്കാർ മുഴുവനും പോയി നിങ്ങളുടെ ദൈവത്തെ ആരാധിക്കുക. നിങ്ങൾ ആവശ്യപ്പെട്ടതുപോലെ നിങ്ങളുടെ ആടുമാടുകളെയും കൊണ്ടുപോകാം. നിങ്ങൾ മരിച്ചുകൊണ്ടിരിക്കുന്നു. നിങ്ങൾ വേഗം ഇവിടം വിട്ട് പോകുവീൻ."

അങ്ങനെ അവർ ഈജിപ്തിന്റെ അടിമത്തത്തിൽനിന്ന് രക്ഷപ്പെട്ട് മൂസാ നബിയുടെ നേതൃത്വത്തിൽ വാഗ്ദത്ത ഭൂമിയിലേക്കു പുറപ്പെട്ടു. അതാണ് ഇസ്രായേൽക്കാരുടെ പെസഹാ എന്നറിയപ്പെടുന്ന (Pass Over- കടന്നുപോവുക) തിരുനാൾ. ദൈവത്തിന്റെ മാലാഖ ഈജിപ്തുകാരെ സംഹരിച്ച് ഈജിപ്തിലൂടെ സഞ്ചരിച്ചപ്പോൾ ഇസ്രായേൽക്കാരെ ഒഴിവാക്കി കടന്നുപോയി എന്നാണ് ആ വാക്ക് അർഥമാക്കുന്നത്. മൂസാ നബി ഇസ്രായേൽക്കാരെ ഈജിപ്തിൽനിന്ന് ചെങ്കടൽ കടത്തി രക്ഷപ്പെടുത്തിയ ഈ സംഭവവുമായി ബന്ധപ്പെട്ടിരിക്കുന്നു മുസ്‌ലിംകൾ ആചരിക്കുന്ന മുഹർറം.

പരിഛേദനം എന്ന ചേലാകർമം നടത്തിയിട്ടില്ലാത്തവർക്കും അന്യമതസ്ഥർക്കും വിലക്കപ്പെട്ടതാണ് പെസഹാ ഭക്ഷണം (പുറപ്പാട് 12-ാം അധ്യായത്തിൽനിന്ന്).

സീമന്തപുത്രന്മാരുടെ മരണത്തെപ്പറ്റി ഖുർആൻ വ്യക്തമായി എടുത്തുപറയുന്നില്ലെങ്കിലും ആ സംഭവത്തെ സൂചിപ്പിക്കുന്നതാണെന്നു സംശയിക്കാവുന്നതാണ് 7-ാം അധ്യായം 133-ാം വാക്യം. ■